(ബി&സി) ക്രമം തെറ്റി നിയമനം നൽകിയിട്ടില്ല. ആകെ 86 പേരെയാണ് ആരോഗ്യ വകുപ്പിലേയ്ക്ക് നിയമന ശിപാർശ ചെയ്തത്. അതിൽനിന്നും ക്രമനമ്പർ 62 വരെയുള്ളവർക്ക് നിയമനം നൽകി. ഇനി 24 പേർക്ക് നിയമനം നൽകാനുണ്ട്. ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും രണ്ടായി വിഭജിച്ചപ്പോൾ കൂടുതൽ സ്റ്റാഫ് നഴ്സുമാർ ആരോഗ്യ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകിയതിനാൽ നിലവിൽ ഒഴിവില്ലാതെ വന്നതുകൊണ്ടാണ് 24 പേർക്ക് നിയമനം നൽകാൻ കഴിയാതിരുന്നത്. ഇതുസംബന്ധിച്ച് നിയമന ശിപാർശ ലഭിച്ചവരും നിയമന ശിപാർശ ലഭിക്കാതെ റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരും വ്യത്യസ്തമായ ആവശ്യങ്ങൾ ഉന്നയിച്ച് കേസ് ഫയൽ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കേസുകളിലെ കോടതി നിർദ്ദേശവും പരിഗണിക്കേണ്ടതുണ്ട്. (OA EKM 791/2014 & OA No. 2323/2014)

ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

88 (4372) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ ഉൾപ്പെടെ സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) BARC മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ , മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെയും സംസ്ഥാനത്തെ മറ്റ് പ്രധാന സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും ബയോമെഡിക്കൽ വേസ്റ്റുകൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംരംഭമായ IMAGE എന്ന സ്ഥാപനംവഴി ശേഖരിച്ച് സംസ്കരിച്ചുവരുന്നു. പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രണ്ടാഴ്ച കൂടുമ്പോൾ വിലയിരുത്തി ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രികളിലെ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചെറിയ ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റുകൾ മലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ള കത്തിക്കൽ, ആഴത്തിലുള്ള കുഴികൾ കുഴിച്ചുള്ള സംസ്കരണം, ഡീപ്പ് പിറ്റ് എന്നീ രീതിയിലാണ് സംസ്കരിച്ചുവരുന്നത്. കൂടാതെ ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ മാലിന്യസംസ്കരണം പരിസ്ഥിതിക്ക് കോട്ടംവരാതെ വളരെ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തെ ചില ആശുപത്രികളിൽ ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നീ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ച് ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു. ഓരോ ആശുപത്രികളിലും പ്രത്യേക മാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങുന്നതിനേക്കാളും പൊതുവായ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമാക്കുന്നത്.

ഡോക്ടർമാരുടെ സമരം

89 (4373) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗങ്ങൾ, കാലവർഷക്കെടുതികൾ, വിദ്യാർത്ഥികളുടെ പരീക്ഷാസമയം തുടങ്ങി ജനങ്ങൾക്ക് സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഡോക്ടർമാർ നിസ്സഹകരണ സമരം ഉൾപ്പെടെ വിവിധ പേരുകളിൽ സമരം സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇതുവരെ സമ്മേളനങ്ങൾക്ക് ഉൾപ്പെടെ അവധി എടുത്ത എത്ര ഡോക്ടർമാർ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ളവർ) ഉണ്ടെന്നും പ്രസ്തുത അവധികൾ അംഗീകരിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇതിന് സർക്കാർ അനുമതി ഉണ്ടായിരുന്നുവോ എന്നും വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ ഇത്തരം അവസരത്തിൽ ശസ്ത്രക്രിയ മുടങ്ങുന്നതടക്കമുള്ള നീക്കങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ആരെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഡോക്ടർമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഡോക്ടർമാരുടെ കർത്തവ്യങ്ങളെക്കുറിച്ച് അവരെ അറിയിക്കാനും അതിൻപടി പ്രവർത്തിക്കാനും ഡോക്ടർമാർക്ക് ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly